

# റാബിഅ അദവിയ്യയിലേക്കുള്ള വഴി മധ്യേ

**അബ്ദുൽ ജബ്ബാർ**, ദോഹ ഖത്തർ

**കയ്റോയിലെ** ഒരു
ചുവന്ന മ്യൂസിയത്തിലേക്ക് ചൂണ്ടി
മടിയിലിരുന്നെന്റെ മകൾ ചോദിച്ചു
'അച്ഛാ ചെങ്കടൽ കുടിച്ചു മരിച്ച
ഫറവോന്റെ ശവശരീരം
ഇന്നുവരെ എനിക്കു കാണിച്ചു തന്നില്ലല്ലോ'
'അതിനെന്താണു മകളേ
മ്യൂസിയത്തിനു പുറത്തും
ഇനിയും മരിക്കാത്ത ഫറവോനെ കാണാമല്ലോ'
'എന്നാലൊരു മൂസായുടെ വടിയെങ്കിലും
കൂടെ കരുതാമായിരുന്നില്ലേ അച്ഛാ'

'വേണ്ട മകളേ'
ഞാൻ എന്റെ പെരുവിരൽ മടക്കി
ബാക്കി നാല് വിരലുകൾ നിവർത്തി
കൈത്തലമുയർത്തി
'നോക്കൂ നമുക്കീ ശൂന്യമാം
പ്രാർഥിച്ചു പ്രാർഥിച്ചു വെളുത്ത
മൂസായുടെ ജ്വലിക്കുന്ന കൈപ്പത്തി മാത്രമേയുള്ളൂ'

തന്റെ ഇളം കുഞ്ഞിക്കൈകൾ വീശി
അങ്ങനെയാണവൾ വലിയ ചിറകുള്ള മാലാഖമാരെ
തോൽപ്പിച്ചു സ്വാതന്ത്ര്യത്തിലേക്കു പറന്നത് ■

---

# മുളച്ചു മുളച്ചു വരുന്നവർ

**നെജീർ വെള്ളാങ്കല്ലൂർ**, മനാമ, ബഹ്റൈൻ

**മൂസാ,** ഫിർഔന്റെ കൊട്ടാരത്തിന് നേരെ
വിരൽ ചൂണ്ടിയത് എന്തിനാണ്??
ജപിച്ചിരിക്കാൻ ഒരു പർണശാല
പണിതു തരുമായിരുന്നല്ലോ ഫിർഔൻ.
സമാധാനത്തിന്റെ കാവൽ ദൂതനെന്നു
അവാർഡ് സമ്മാനിക്കുമായിരുന്നല്ലോ.
കാണുന്നില്ലേ ജനതക്ക് അപ്രാപ്യമാക്കിയ
വിമോചനത്തെ കുറിച്ച് പറയാതെ
പുരോഹിതൻ ആകുന്ന വിദ്യ.
വെറും ഒരു കാളക്കുട്ടി മതി ജനത്തിന്!
ശുഭ്ര വസ്ത്രമിട്ടു
പുഞ്ചിരിച്ചു നിൽക്കുന്ന സുഖം
നിന്റെ വിപ്ലവത്തിന് കാണില്ല.

കുട്ടികൾ ഒരു രാഷ്ട്രീയമാണ്.
കണ്ടില്ലേ അവർ വളർന്നു മൂസയായത്.
ഫിർഔൻ മുളയിലേ നുള്ളിയിട്ടും
മുളച്ചു വന്നവർ.
ഈ കുട്ടികൾ എന്താ ഇങ്ങനെ,
നൈലിന്റെ ഓളങ്ങൾക്ക് മുകളിലൂടെ
ഇന്നും നടന്നു പോകുന്നത്.
ഒരു പേടി സ്വപ്നം പോലെ
പുനർ ജനിക്കുന്നത്. ■




---

തപാൽ വഴിയോ ഇമെയിൽ വഴിയോ കവിതകൾ അയക്കാം. പ്രസിദ്ധീകരണ വിവരം അറിയേണ്ടവർ പോസ്റ്റ് കാർഡിൽ വിലാസമെഴുതി രചനയോടൊപ്പം വെക്കണം. ഫോൺ വഴി പ്രസിദ്ധീകരണ വിവരം അറിയിക്കുന്നതല്ല. –*എഡിറ്റർ*